"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരസഭ ജീവനക്കാര്യം - പാനൂർ നഗരസഭാ സെക്രട്ടറിയുടെ അധിക ചുമതല - സൂപ്രണ്ട് ശ്രീ.സന്തോഷ് എൽ. - അനുവദിച്ച നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു.)വകുപ്പ്

**സ.ഉ.(സാധാ) നം.326/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/02/2020**

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 30.03.2019, 09.04.2019 തീയതികളിലെ ഇ.2-5157/19 നമ്പർ നടപടി ക്രമങ്ങൾ.

2 നഗരകാര്യ ഡയറക്ടറുടെ 30.03.2019 തീയതിയിലെ ഇ.2-5157/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാനൂർ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ 28.03.2019 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരായിട്ടില്ലെന്നും ടിയാൻ മുമ്പും നിരുത്തരപരമായി പ്രവർത്തിച്ചിരുന്നതായും സാമ്പത്തിക വർഷം അവസാനിക്കുന്ന വേളയിൽ മുൻകൂർ അനുമതിയില്ലാതെ ഓഫീസിൽ ഹാജരാകാതിരുന്നതും, സെക്രട്ടറിയുടെ ഔദ്യോഗിക ചുമതല രേഖാമൂലം കൈമാറാതിരിക്കുന്നതും പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചു എന്നും പാനൂർ നഗരസഭാ ചെയർപേഴ്സൺ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ നഗരസഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നഗരസഭാ സെക്രട്ടറിയുടെ പൂർണ്ണ അധികചുമതല ടി നഗരസഭയിലെ സൂപ്രണ്ട് ശ്രീ. സന്തോഷ് എൽ-ന് നഗരകാര്യ ഡയറക്ടർ അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

2. മുനിസിപ്പാലിറ്റിയിലെ അസൗകര്യങ്ങളും ജോലി സമ്മർദ്ദങ്ങളുമാണ് സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ഇത്തരത്തിലുള്ള വീഴ്ച സംഭവിക്കാൻ കാരണമായതെന്നും, തുടർന്നുള്ള ദിവസങ്ങളിൽ പിഴവ് ആവർത്തിക്കാതെ ജോലി നിർവ്വഹിക്കുന്നതാണെന്നും ആയതിനാൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ മേലിൽ മുൻകൂർ അനുമതി ഇല്ലാതെ യാതൊരുവിധ അവധിയിലും പ്രവേശിക്കാൻ പാടില്ലാ എന്ന കർശന നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ. മാമ്പള്ളി സന്തോഷ് കുമാറിനെ 09.04.2019 മുതൽ പാനൂർ നഗരസഭയിൽ, സർക്കാർ അംഗീകാരത്തിനു വിധേയമായി

തിരികെ ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ടും, നഗരസഭാ സെക്രട്ടറിയുടെ പൂർണ്ണ ചുമതല സൂപ്രണ്ട് ശ്രീ സന്തോഷ് എൽ-ൽ നിന്നും മാറ്റിക്കൊണ്ടും നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ ടി നടപടി സാധൂകരിച്ച് ഉത്തരവാകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാനൂർ നഗരസഭാ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നഗരസഭാ സൂപ്രണ്ട് ശ്രീ.എൽ. സന്തോഷ് കുമാറിന് കൈമാറിയ നഗരകാര്യ ഡയറക്ടറുടെ നടപടിയും പാനൂർ നഗരസഭാ സെക്രട്ടറി ശ്രീ.മാമ്പള്ളി സന്തോഷ് കുമാറിനെ 09.04.2019 മുതൽ പാനൂർ നഗരസഭയിൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ച നടപടിയും സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) തൃശ്ശൂർ

ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ